(സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ടൂറിസത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉത്തരവാദിത്വ വിനോദസഞ്ചാരം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാവസായിക കാഴ്ചപ്പാട് എന്ന പേരിൽ ടൂറിസം വകുപ്പോ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന നോഡൽ ഏജൻസിയായ കിറ്റ്സോ ഒരു കോൺഫറൻസ് നടത്തിയിട്ടില്ല. എന്നാൽ 2008-ൽ കൊച്ചി, ലേ മെറിഡിയനിൽ വച്ച് ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തുടർച്ചയായി 'International Conference on Responsible Tourism in Destinations' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. 2011-ൽ കിറ്റ്സിന്റെ സാങ്കേതിക സഹായത്തോടെ Tourism and Livelihood എന്ന അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ഈ രണ്ടു പരിപാടികളും കേരളത്തിലെ തെരഞ്ഞെടുത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വിജയകരമായി നടപ്പാക്കുന്നതിൽ സംഘാടകർക്ക് ഉൾക്കാഴ്ച നൽകാൻ സഹായകരമായി.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തത്തോടെ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കി വരുന്നുണ്ട്.

വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി

206 (8267) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ എല്ലാ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ടൂറിസ്റ്റുകൾക്ക് സന്ദർശന സഹായം നൽകുവാൻ കോവളം, പോർട്ട് കൊച്ചി, കനകക്കുന്ന് എന്നീ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വിമാനത്താവളങ്ങളിലും ആധുനിക ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തി പ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലിനായി ഗസ്റ്റ് ഹൗസുകൾ പുതുക്കിപ്പണിയുകയും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയും ആധുനികവൽക്കരണത്തിനായി കമ്പ്യൂട്ടർ, ഫാക്സ്, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു.

(ബി) ടൂറിസം സെന്ററുകളുടെ ആധുനികവൽക്കരണത്തിലൂടെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലൂടെയും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സൗകര്യം നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഗസ്റ്റ് ഹൗസുകൾ മുഖേന താമസക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

(സി) സർക്കാർ അംഗീകരിച്ച നിർവ്വഹണ ഏജൻസികളായ SIDCO, KITCO പൊതുമരാമത്ത് വകുപ്പ്, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവരാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്.

(ഡി) പദ്ധതി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായി നിർവ്വഹണ ഏജൻസികളുടെ പദ്ധതി അവലോകന യോഗങ്ങൾ കാലാകാലങ്ങളിൽ നടത്തി വരുന്നു. പദ്ധതിയുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ പ്രോജക്ട് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly